**കൃത്യമായ അർഥബോധത്തോടെയാണ് ഖുർആൻ ഓരോ വാക്കും പ്രയോഗിച്ചിട്ടുള്ളത്. അതിൽനിന്ന് ഒരു വാക്ക് എടുത്തുമാറ്റി പകരം നിഘണ്ടുവിൽനിന്നോ ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നോ മറ്റൊരു പദം എടുത്ത് വയ്ക്കുക സാധ്യമേയല്ല**

# വാക്കുകളുടെ നക്ഷത്രത്തിളക്കം


റഹ്മാൻ മുന്നൂർ




വാക്കുകളാണ് ഏത് സാഹിത്യകൃതിയുടെയും അടിസ്ഥാനഘടകം. കൃതിക്ക് ശക്തിയും ദൗർബല്യവും പകരുന്നത് വാക്കാണ്. സാഹിത്യകാരന് ഭാവനമാത്രം പോരാ. ആശയങ്ങൾ ഉണ്ടായതുകൊണ്ടും കാര്യമില്ല. അത് ആവിഷ്കരിക്കാനുള്ള കഴിവാണ് പ്രധാനം. ഇതിന് അയാളുടെ കൈയിലുള്ള ആയുധമാണ് വാക്ക്. വാക്കുകൾക്ക് ശക്തിയും സൗന്ദര്യവുമുണ്ടാവണമെങ്കിൽ അവ കൃത്യമായി തെരഞ്ഞെടുക്കണം. ഉചിതമായ സ്ഥാനങ്ങളിൽ വയ്ക്കണം. 'സന്ദർഭോചിതമായ വാഗ്വിന്യാസം' എന്നൊരു നിർവചനം തന്നെ അറബിയിൽ സാഹിത്യത്തിനുണ്ട്. ഇക്കാര്യത്തിൽ പരാജയപ്പെടുന്ന കൃതി അനുവാചകഹൃദയം സ്വാധീനിക്കുകയില്ല. ചരിത്രത്തിൽ സ്ഥാനം നേടുകയില്ല.

ചരിത്രത്തിൽ തുല്യതയില്ലാത്ത സ്ഥാനമാർജിച്ച ഗ്രന്ഥമാണ് ഖുർആൻ. അതുപക്ഷേ, ഒരു സാഹിത്യകൃതിയല്ല. എങ്കിലും അതിൽ സാഹിത്യമുണ്ട്. യഥാർഥസാഹിത്യം അതാണ്. വാക്കുകളുടെ യഥാർഥമായ ശക്തിയും സൗന്ദര്യവും ഖുർആൻ കാണിച്ചുതരുന്നു. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും ഉചിതമായ സ്ഥാനങ്ങളിൽ വിന്യസിക്കുന്നതിലും ഖുർആൻ പ്രദർശിപ്പിക്കുന്ന മിടുക്ക് ആരെയും അത്ഭുതപ്പെടുത്തുക തന്നെ ചെയ്യും.

പ്രാചീനരും അർവാചീനരുമായ ഒട്ടനവധി ഭാഷാസാഹിത്യപടുക്കളെ ഖുർആന്റെ ഈ അപൂർവത ആകർഷിച്ചിട്ടുണ്ട്. അറബിഗദ്യത്തിന്റെ പെരുന്തച്ചനായ അബൂഉസ്മാൻ ജാഹിള് (മരണം ഹി. 225) ആണ് ഗവേഷണബുദ്ധിയോടെ ഈ വിഷയത്തെ സമീപിച്ച ആദ്യത്തെ വ്യക്തിയെന്ന് തോന്നുന്നു. സമാനാർഥങ്ങളെന്നോ പര്യായങ്ങളെന്നോ പ്രത്യക്ഷത്തിൽ തോന്നുന്ന പദങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം വാക്കുകൾ തെരഞ്ഞെടുക്കുന്നതിലുള്ള ഖുർആന്റെ അമ്പരപ്പിക്കുന്ന കൃത്യത അദ്ദേഹത്തെ ബോധ്യപ്പെടുത്തി. *മത്വറും ഗൈസും (മഴ) ജൂഉം സഗബും (വിശപ്പ്)* അദ്ദേഹം ചൂണ്ടിക്കാട്ടുന്ന ഉദാഹരണങ്ങളാണ്. മനുഷ്യർക്ക് അനുഗ്രഹമായി പെയ്യുന്ന മഴയല്ല *മത്വർ.* അനുഗ്രഹമഴ *ഗൈസാണ്.* കാരണം ശിക്ഷയെപ്പറ്റി പറയുന്ന ഇടങ്ങളിൽ മാത്രമാണ് ഖുർആൻ *മത്വർ* എന്ന പദം ഉപയോഗിക്കുന്നത്. അനുഗ്രഹത്തെപ്പറ്റി പറയുന്ന സ്ഥലങ്ങളിൽ *ഗൈസ്* എന്നാണ് ഖുർആന്റെ പ്രയോഗം. *ജൂഅ്* എന്ന പദവും ശിക്ഷയുടെ സന്ദർഭങ്ങളിൽ മാത്രമേ ഖുർആൻ ഉപയോഗിക്കുന്നുള്ളൂ. *അബ്സ്വാർ* (കണ്ണുകൾ) എന്ന ബഹുവചനം ഖുർആൻ പ്രയോഗിക്കുന്നുണ്ടെങ്കിലും *അസ്മാഅ്* (കാതുകൾ) എന്ന് ഒരിക്കലും പറയുന്നില്ലെന്ന് ജാഹിള് ചൂണ്ടിക്കാട്ടുന്നു. അതുപോലെ *സമാവാത്* (ആകാശങ്ങൾ) എന്ന്

ബഹുവചനമായിട്ടു മാത്രം പറയുമ്പോൾ *അർദ്* (ഭൂമി) എന്ന ഏകവചനപ്രയോഗത്തിൽ കണിശമായ നിഷ്കർഷ ഖുർആനുണ്ട്.

ഭാഷ കൈകാര്യം ചെയ്യുമ്പോൾ പണ്ഡിതന്മാർപോലും ഈ വക കാര്യങ്ങളൊന്നും ശ്രദ്ധിക്കാറില്ലെന്ന് ജാഹിള് ചൂണ്ടിക്കാട്ടുന്നു. ആ അനവധാനതയെ നിശിതമായി വിമർശിക്കുന്നുമുണ്ട് അദ്ദേഹം.

ജാഹിളിനു ശേഷം ഇബ്നുഖുതൈബ (മരണം ഹി. 276), മുബർരിദ് (മ. ഹി. 284), അബൂഹിലാലുൽ അസ്കരി (മ. ഹി. 395), അബൂമൻസൂർ അസ്സആലബി (മ. ഹി. 428), റാഗിബുൽ ഇസ്ഫഹാനി (മ. ഹി. 420) തുടങ്ങിയവരും ഇതേ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്. അസ്കരിയുടെ *അൽഫുറൂഖ് ഫില്ലുഗഃ* (ഭാഷാഭേദങ്ങൾ), സആലബിയുടെ *ഫിഖ്ഹുല്ലുഗഃ വസിർറുൽ അറബിയ്യ* (ഭാഷാശാസ്ത്രവും അറബിഭാഷയുടെ ഉൾപ്പൊരുളുകളും), ഇസ്ഫഹാനിയുടെ *മുഫ്റദാതു അൽഫാളിൽ ഖുർആൻ* (ഖുർആനികപദാവലികൾ) തുടങ്ങിയ ഗ്രന്ഥങ്ങൾ ഇവിടെ സ്മരണീയങ്ങളാണ്. ഡോ. ആഇശാ അബ്ദുർറഹ്മാന്റെ *അൽ ഇഅ്ജാസുൽ ബയാനീ ലിൽ ഖുർആൻ* (ഖുർആന്റെ സാഹിത്യപരമായ അമാനുഷികത) എന്ന ഗ്രന്ഥം ആധുനികകാലത്ത് ഈ വിഷയത്തിൽ നടത്തപ്പെട്ട ഏറ്റവും ശ്രദ്ധേയമായ പഠനമുൾക്കൊള്ളുന്നു.

ഓരോ വാക്കിനെയും ഓരോ നക്ഷത്രങ്ങളാക്കിമാറ്റുന്ന ഖുർആന്റെ സിദ്ധിവിശേഷമാണ് ഒട്ടേറെ ഉദാഹരണങ്ങളിലൂടെ ഈ പഠനങ്ങളെല്ലാം കാണിച്ചുതരുന്നത്. ഉദാഹരണങ്ങളെല്ലാം എടുത്തുപറയാൻ സ്ഥലപരിമിതി അനുവദിക്കുകയില്ല. ചിലതുമാത്രം:

*ലുബ്ബും* *അഖ്ലും* ബുദ്ധിയെ കുറിക്കുന്ന പദങ്ങളാണ്. പക്ഷേ, ഖുർആൻ ലുബ്ബ് എന്ന് പറയുന്നത് പരിശുദ്ധവും അവികലവുമായ ബുദ്ധിയെക്കുറിച്ചാണ്. എല്ലാ അഖ്ലും ലുബ്ബല്ല, എല്ലാ ലുബ്ബും അഖ്ലാണെന്ന് ഇമാം സമഖ്ശരി.

നിഷേധിക്കുക എന്ന അർഥമാണ് *ജഹദ*ക്കും *അൻകറ*ക്കുമുള്ളത്. എന്നാൽ, പ്രത്യക്ഷമായതിനെ നിഷേധിക്കലാണ് *ജഹദ*യെന്നും *അൻകറ*യിൽ പ്രത്യക്ഷമായതിന്റെയും പരോക്ഷമായതിന്റെയും നിഷേധമുണ്ടെന്നും അബൂഹിലാൽ അൽ അസ്കരി ചൂണ്ടിക്കാട്ടുന്നു.

*അഹ്ലാം* എന്ന വാക്ക് മൂന്ന് സ്ഥലങ്ങളിൽ ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്. മൂന്നിടത്തും പാഴ്സ്വപ്നങ്ങളാണുദ്ദേശ്യം. എന്നാൽ, *റുഅ്യാ* എന്ന പദം ഉപയോഗിച്ച ഏഴിടങ്ങളിലും പ്രവചനാത്മകമായ സത്യസ്വപ്നങ്ങളാണ് ഉദ്ദേശിക്കപ്പെടുന്നത്. സാമാന്യവ്യവഹാരത്തിൽ ഈ അർഥഭേദമൊന്നും ദീക്ഷിക്കപ്പെടാറില്ല.

*രീഹി*ന്റെ ബഹുവചനമാണ് *രിയാഹ്* എങ്കിലും ഖുർആൻ അത് മാത്രമല്ല. ശിക്ഷയെ പരാമർശിക്കുമ്പോൾ മാത്രമേ അത് *രീഹ്* എന്ന പദം പ്രയോഗിക്കൂ. മനുഷ്യന് അനുഗ്രഹമായി അടിച്ചുവീശുന്ന കാറ്റ് *രിയാഹ്* മാത്രമാണ്.

ഇങ്ങനെ നിരവധി പദങ്ങളുണ്ട്. *ആനസ-അബ്സ്വറ* (കണ്ടു), *ഹലഫ-അഖ്സമ* (സത്യം ചെയ്തു), *തസ്വദ്ദഅ-ഹത്വമ* (പൊട്ടിപ്പിളർന്നു), *ഖുശൂഅ്-ഖശ്യത്* (ഭയഭക്തി), *സൗജ്-മർഅഃ* (പത്നി), *ഇൻസ്-ഇൻസാൻ* (മനുഷ്യൻ), *നിഅ്മത്-നഈം* (അനുഗ്രഹം) എന്നിവ ഉദാഹരണങ്ങൾ. പൊതുവിൽ പര്യായപദങ്ങളായിട്ടാണ് ഇവയെല്ലാം ഉപയോഗിച്ചുവരുന്നത്. പക്ഷേ, ഖുർആൻ അവയ്ക്കിടയിലുള്ള സൂക്ഷ്മമായ അർഥവ്യത്യാസങ്ങൾ അതീവകൃത്യതയോടെ

# സ്വരവിന്യാസത്തിന്റെ മാസ്മരികത

ഉച്ചാരണംകൊണ്ട് തന്നെ ആശയപ്രകാശനം നടത്തുന്ന വിദ്യ, വാക്കുകളെക്കൊണ്ട് നക്ഷത്രങ്ങളെ സൃഷ്ടിക്കുന്ന ഖുർആനികവൈഭവത്തിന്റെ വിസ്മയകരമായ മറ്റൊരുദാഹരണമാണ്. വാക്കുകളുടെ തെരഞ്ഞെടുപ്പിലും സംവിധാനത്തിലും ഖുർആനുള്ള നിഷ്കർഷയുടെ ആഹ്ലാദകാരിയായ മറ്റൊരു നിദർശനമാണിത്. വാക്കിന്റെ അർഥം പോലെ ഉച്ചാരണവും പ്രാധാന്യം നേടുന്ന ഇത്തരം സന്ദർഭങ്ങൾ ഖുർആനിലുടനീളം കാണാം. പ്രത്യേകിച്ചും അവസാനഭാഗത്തെ ഹ്രസ്വാധ്യായങ്ങളിൽ. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ:

*വഇന്ന മിൻകും ലമൻല്ലയുബത്ത്വിഅന്ന* (അന്നിസാഅ്: 72) എന്ന വാക്യം നോക്കുക. മനഃപൂർവം പിന്തിനിൽക്കുന്ന ചിലർ നിങ്ങളിലുണ്ട് എന്നാണതിനർഥം. ശത്രുക്കളെ ചെറുക്കാൻ ആവേശപൂർവം മുന്നോട്ടുവരുന്നതിനു പകരം മടിച്ചു പിന്തിനിൽക്കുന്നവരെക്കുറിച്ചാണ് പരാമർശം. പിന്തിനിൽക്കുന്നവർ എന്നർഥമുള്ള *ലമൻല്ലയുബത്ത്വിഅന്ന* എന്ന വാക്ക് ഉച്ചരിച്ചുനോക്കുക. മുന്നോട്ടുപോകാനുള്ള ഒരു വിസമ്മതം ആ സ്വരവിന്യാസത്തിൽതന്നെ പ്രകടമാണ്.

“അതിൽ അവർ ആർത്ത് നിലവിളിക്കുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെയൊന്ന് പുറത്തെത്തിച്ചുതരേണമേ, ഞങ്ങൾ മുമ്പ് ചെയ്തിരുന്നതല്ലാത്ത കർമങ്ങൾ ഇനി ഞങ്ങൾ ചെയ്തുകൊള്ളാം” (ഫാത്വിർ: 37).

നരകത്തിൽനിന്ന് പാപികൾ ആർത്തുനിലവിളിക്കുന്ന രംഗമാണ് വിവരിക്കപ്പെടുന്നത്. *യസ്ത്വരിഖൂന* എന്ന പദമാണ് ആർത്തുനിലവിളിക്കുക എന്ന അർഥം കുറിക്കുന്നത്. ഈ വാക്കിൽതന്നെ ഒരാർപ്പുവിളിയുടെ സ്വരം മുഴങ്ങുന്നുണ്ട്.

*യൗമ യുദഅ്ഊന ഇലാ നാരി ജഹന്നമ ദഅ്ആ* (അത്ത്വൂർ: 13).

‘അവർ നരകത്തിലേക്ക് ഉന്തിത്തള്ളപ്പെടുമ്പോൾ’ എന്നാണിതിന്റെ അർഥം. *യുദ്അ്ഊന, ദഅ്ആ* എന്നിവയുടെ അറബിഉച്ചാരണം ശ്രദ്ധിച്ചുനോക്കുക. തള്ളുമ്പോൾ, മുന്നോട്ടുനീങ്ങിക്കൊടുക്കാതെ പിന്നോട്ടുവലിഞ്ഞുനിൽക്കുന്ന ഒരു ചിത്രം അതുൾക്കൊള്ളുന്നില്ലേ? പെട്ടെന്ന് തള്ളപ്പെടുമ്പോൾ ശബ്ദം പുറപ്പെടുവിച്ചുപോവുക സ്വാഭാവികമാണ്. *ദഅ്ആ* പദത്തിന് ആ ശബ്ദത്തോടുള്ള സാദൃശ്യവും ശ്രദ്ധേയമാണ്.

ഒരു മരണരംഗം ചിത്രീകരിക്കുന്നത് നോക്കുക:

*കല്ലാ ഇദാ ബലഗതിത്തറാഖീ -വഖീല മൻ റാഖ് - വ ളന്ന അന്നഹുൽ ഫിറാഖ് -വൽതഫ്ഫതിസ്സാഖു ബിസ്സാഖ്* (അൽഖിയാമഃ 26-29).

ജീവൻ തൊണ്ടക്കുഴിയിലെത്തിയ സന്ദർഭത്തിലുള്ള അവസ്ഥയാണ് ചിത്രീകരിക്കപ്പെടുന്നത്. *റാഖ്-ഫിറാഖ്-സാഖ്* തുടങ്ങിയ പദങ്ങളുടെ ഉച്ചാരണം ശ്രദ്ധിക്കുക. കഫക്കെട്ടുമൂലം ശ്വാസമയക്കാൻ പ്രയാസപ്പെടുന്ന രോഗിയുടെ തൊണ്ടയിൽനിന്ന് പുറപ്പെടുന്ന കറ-കറാശബ്ദത്തെ ശരിക്കും ഇത് അനുസ്മരിപ്പിക്കുന്നുണ്ട്.

*വൽ ആദിയാതി ദബ്ഹാ -ഫൽ മൂരിയാതി ഖദ്ഹാ- ഫൽ മുഗീറാത്തി സുബ്ഹാ -ഫഅസർന ബിഹി നഖ്ആ -ഫവസത്ന ബിഹി ജംആ* (അൽ ആദിയാത്ത്: 1-5).

പ്രഭാതസമയത്ത് മിന്നലാക്രമണം നടത്തുന്ന അശ്വാരൂഢരുടെ ചിത്രമാണ് ഈ സൂക്തങ്ങളിൽ. *ദബ്ഹാ -ഖദ്ഹാ-സുബ്ഹാ* എന്നീ വാക്കുകൾ കുതിരകളുടെ കുളമ്പടിയൊച്ചയും കിതപ്പും ഇടകലർന്നുണ്ടാക്കുന്ന ശബ്ദത്തെയാണ് ഓർമിപ്പിക്കുന്നത്. തുടർന്ന് *നഖ്ആ-ജംആ* എന്നീ പദങ്ങളിലെത്തുമ്പോൾ ഇരുമ്പും ഇരുമ്പും കൂട്ടിമുട്ടുന്ന ശബ്ദപ്രതീതിയുണ്ടാകുന്നു. ഘോരമായ ഒരേറ്റുമുട്ടൽ തുടങ്ങിക്കഴിഞ്ഞ തോന്നൽ ശബ്ദോച്ചാരണത്തിൽ നിന്നുതന്നെ ലഭ്യമാകുന്നു.

സ്വരവിന്യാസത്തിന്റെ ഈ മാന്ത്രികതയ്ക്ക് ഖുർആനിൽനിന്ന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തുദ്ധരിക്കാനാവും. ഈജിപ്ഷ്യൻപണ്ഡിതനായ ശഹീദ് സയ്യിദ് ഖുത്വ്ബ് ഈ വിഷയകമായി ആഴത്തിൽ പഠനം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രശസ്തമായ *ഫീ ളിലാലിൽ ഖുർആനി*ലും *തസ്വീറുൽ ഫന്നീ ഫിൽ ഖുർആനി*(ഖുർആനിലെ കലാചിത്രീകരണം)ലും ഈവിഷയകമായുള്ള കൗതുകകരമായ ഒട്ടേറെ നിരീക്ഷണങ്ങൾ കാണാം.

പാലിക്കുക തന്നെ ചെയ്യുന്നു. ഡോ. ആഇശാ അബ്ദുർറഹ്മാൻ തന്റെ ഗ്രന്ഥത്തിൽ ഇത്തരം പദങ്ങളുടെ ഒരു ഗ്ലോസ്സറി തന്നെ എഴുതി ച്ചേർത്തിട്ടുണ്ട്.

ഖുർആന്റെ സാഹിത്യത്തിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടുകയും സാഹിത്യാംശത്തിൽ ഊന്നിക്കൊണ്ട് ഖുർആന് സ്വന്തമായൊരു വ്യാഖ്യാനഗ്രന്ഥം രചിക്കുകയും ചെയ്ത പണ്ഡിതയാണ് ഡോ. ആഇശാ അബ്ദുർറഹ്മാൻ. തന്റെ പഠനം അവരെ ബോധ്യപ്പെടുത്തിയ ഒരു കാര്യം, ഈ പദങ്ങളൊന്നും പര്യായപദങ്ങളായി ഖുർആൻ ഉപയോഗിക്കുന്നില്ല എന്നതാണ്.

"കൃത്യമായ അർഥബോധത്തോടെയാണ് ഖുർആൻ ഓരോ വാക്കും പ്രയോഗിച്ചിട്ടുള്ളത്. അതിൽനിന്ന് ഒരു വാക്ക് എടുത്തുമാറ്റി പകരം നിഘണ്ടുവിൽനിന്നോ ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നോ മറ്റൊരു പദം എടുത്ത് വയ്ക്കുക സാധ്യമേയല്ല" (*അൽ ഇഅ്ജാസുൽ ബയാനീ ലിൽ ഖുർആൻ* പേ: 198).

ഹൃദയത്തിന് ചിലയിടങ്ങളിൽ *ഖൽബ്* എന്നും ചിലയിടങ്ങളിൽ *സ്വദ്ർ* എന്നും ചിലയിടങ്ങളിൽ *ഫുആദ്* എന്നും വ്യത്യസ്തമായ പദങ്ങൾ ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്. ഇതൊന്നും പര്യായപദങ്ങളല്ലെന്ന് ഇമാം റാഗിബുൽ ഇസ്ഫഹാനി വ്യക്തമാക്കുന്നു. സൂക്ഷ്മമായ അർഥവ്യത്യാസങ്ങൾ ഇത്തരം പര്യായപദങ്ങൾക്കിടയിലുണ്ട്. അതുപോലെ, വിശ്വസിക്കുന്ന ജനത്തിന് ദൃഷ്ടാന്തമുണ്ട് എന്ന് ഒരു സൂക്തത്തിൽ പറയുന്നു. ചിന്തിക്കുന്ന ജനത്തിന്/ അറിയുന്ന ജനത്തിന്/ മനസ്സിലാക്കുന്ന ജനത്തിന് എന്ന് മറ്റു സൂക്തങ്ങളിൽ. കണ്ണുകളുള്ളവർക്ക് / ബുദ്ധിയുള്ളവർക്ക് / ബോധമുള്ളവർക്ക് എന്നു വേറെ ചില സൂക്തങ്ങളിൽ. ഇങ്ങനെ വ്യത്യസ്തമായ രൂപങ്ങളും ശൈലികളും ഉപയോഗിക്കുന്നതിന് പിന്നിലുമുണ്ട് യുക്തി. ഇതെല്ലാം വ്യക്തമാക്കിക്കൊണ്ട് ഒരു ഗ്രന്ഥം രചിക്കാൻ ഇമാം റാഗിബുൽ ഇസ്ഫഹാനി ഉദ്ദേശിച്ചിരുന്നതായി അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഖുർആൻനിഘണ്ടുവിന്റെ മുഖവുരയിൽ പറയുന്നുണ്ട്. പക്ഷേ, തന്റെ ആത്മാഭിലാഷം പൂർത്തീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

**വാക്കുകളുടെ യഥാർഥമായ ശക്തിയും സൗന്ദര്യവും ഖുർആൻ കാണിച്ചുതരുന്നു. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും ഉചിതമായ സ്ഥാനങ്ങളിൽ വിന്യസിക്കുന്നതിലും ഖുർആൻ പ്രദർശിപ്പിക്കുന്ന മിടുക്ക് ആരെയും അത്ഭുതപ്പെടുത്തുക തന്നെ**

## ഒളിഞ്ഞുകിടക്കുന്ന അർഥസമൃദ്ധി

കണ്ണുകൾ (അബ്സ്വാർ) എന്ന് പലേടത്തും ആവർത്തിച്ചുപറയുന്ന ഖുർആൻ കാതുകൾ (അസ്മാഅ്) എന്ന് ഒരിടത്തും പറയാത്തതിനെ നിരീക്ഷിച്ച ജാഹിള് ഭാഷാശാസ്ത്രപരമായ ഒരു വസ്തുത ചൂണ്ടിക്കാട്ടുകയേ ചെയ്തിട്ടുള്ളൂ. അങ്ങനെ പറയാതിരിക്കാനുള്ള കാരണം എന്തെന്ന് മറ്റു ചിലർ വിശദീകരിക്കുന്നുണ്ട്. ഒരു ശബ്ദത്തിന് ഒറ്റ കേൾവിയേ ഉള്ളു. എന്നാൽ ഒരു ദൃശ്യത്തിന് അനേകം കാഴ്ചകളുണ്ട്. പല കോണുകളിലൂടെ ഒരു വസ്തുവിനെ നോക്കിക്കാണാനാവും. ഓരോ കോണിൽനിന്ന് കാണുന്നതും ഒരേ കാഴ്ചയല്ല. ശബ്ദത്തിന്റെ കാര്യത്തിൽ ഇങ്ങനെയില്ലല്ലോ. കാതിന് ഒരു സമയത്ത് ഒരു ശബ്ദം മാത്രമേ കേൾക്കാനാവൂ. കണ്ണിന് ഈ പരിമിതിയുമില്ല. പല വസ്തുക്കളെ ഒരേ സമയത്ത് കാണാൻ കണ്ണുകൾക്ക് കഴിയും.

ഹൃദയം (ഫുആദ്) മനുഷ്യന് ഒന്നേയുള്ളൂ. 'അല്ലാഹു ഒരു മനുഷ്യന്നും അവന്റെ ഉള്ളിൽ രണ്ടു ഹൃദയങ്ങളെ നൽകിയിട്ടില്ലെന്ന്' ഖുർആൻ തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ, 'കാത്' എന്ന് ഏകവചനത്തിൽ മാത്രം പറയുന്ന ഖുർആൻ 'നിങ്ങൾക്ക് അവൻ കാതും കണ്ണുകളും ഹൃദയങ്ങളും സൃഷ്ടിച്ചുതന്നു' (അസ്സജദ: 9) എന്നാണ് പറയുന്നത്. കണ്ണുകൾക്ക് കാഴ്ചയും കാതിന് കേൾവിയും പോലെ ഹൃദയത്തിന് ഒരു ധർമം മാത്രമല്ല ഉള്ളതെന്ന് നമുക്കറിയാം. വിചാരം, വികാരം, വിശ്വാസം തുടങ്ങിയവയുടെ ഇരിപ്പിടം *ഫുആദാ*ണ്. സ്നേഹം, കാരുണ്യം, ദയ തുടങ്ങിയവ ഒരു വശത്ത്. ദേഷ്യം, വെറുപ്പ്, പക, അസൂയ തുടങ്ങിയവ വേറൊരു വശത്ത്. ചിന്ത, മനനം, ഭാവന, സ്വപ്നം തുടങ്ങിയവ മറ്റൊരു ഭാഗത്ത് -ഇവയെല്ലാം ഹൃദയത്തിൽ നടക്കുന്ന പ്രവൃത്തികളാണ്. ഇവയിൽ പലതും ഒരേ സമയത്ത് തന്നെ ഹൃദയത്തിനകത്ത് നടക്കുകയും ചെയ്യുന്നു. ആ അർഥത്തിൽ ഒന്നല്ല, അനേകം ഹൃദയങ്ങൾ മനുഷ്യനുണ്ട്.

'പ്രസ്തുത മൂന്നു അവയവങ്ങളുടെ സൃഷ്ടിയെപ്പറ്റി പറഞ്ഞ സന്ദർഭങ്ങളിലെല്ലാം (അന്നഹ്ൽ: 78, അൽമുഅ്മിനൂൻ: 78, അൽമുൽക്: 23, അസ്സജദ: 9) 'കണ്ണുകളെ'ന്നും 'ഹൃദയങ്ങളെ'ന്നുമുള്ള ബഹുവചന രൂപം ഉപയോഗിക്കാൻ ഖുർആൻ നിഷ്കർഷ കാണിച്ചിട്ടുണ്ട്. (കാത് എല്ലായിടത്തും ഏകവചനമാണ്) കാരണം, അല്ലാഹു മനുഷ്യന് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെക്കുറിച്ച് അവനെ ഓർമിപ്പിക്കുകയാണ് അവിടെ ലക്ഷ്യം. അതുകൊണ്ട് പ്രസ്തുത അവയവങ്ങളുടെ വിവിധ ധർമങ്ങളെയും കഴിവുകളെയും സൂചിപ്പിക്കുന്ന വാക്കുതന്നെ വേണം. എന്നാൽ, പരലോകത്ത് ഈ അവയവങ്ങളെ ചോദ്യം ചെയ്യുമെന്ന് പറഞ്ഞപ്പോൾ കണ്ണും ഹൃദയവും ഏകവചനമാകുന്നുണ്ട് (അൽ ഇസ്റാഅ്: 36). ഓരോ അവയവത്തിനും സ്രഷ്ടാവിനോടുള്ള ഉത്തരവാദിത്വം തെര്യപ്പെടുത്തുകയാണ് ഇവിടെ ലക്ഷ്യം. ഉത്തരവാദിത്വം വന്നുചേരുന്നത് അവയവങ്ങളുടെ മേലാണ്. അവയുടെ ധർമങ്ങളുടെയോ കഴിവുകളുടെയോ മേലല്ല. അതുകൊണ്ട് ചോദ്യമുണ്ടാകുന്നത് കാതിനോടും കണ്ണിനോടും ഹൃദയത്തിനോടുമാണ്.

കാത്, കണ്ണ്, ഹൃദയം എന്ന സ്ഥാനക്രമം ഖുർആൻ എല്ലായിടത്തും തെറ്റാതെ പാലിക്കുന്നുണ്ട്. ഒരിടത്തും ഇവയുടെ മുൻഗണനാക്രമം ലംഘിക്കപ്പെടുന്നില്ല. അതിനുമുണ്ട് ന്യായം. ഈ മൂന്നു അവയവങ്ങളിൽ ആദ്യം പ്രവർത്തനക്ഷമമാകുന്നത് ഏതാണെന്ന് നോക്കുക. ഗർഭാവസ്ഥയിൽ തന്നെ ശിശുവിന് ശബ്ദങ്ങൾ തിരിച്ചറിയാൻ കഴിയുമെന്നാണ് ശാസ്ത്രം പറയുന്നത്. എന്നാൽ, ജനിച്ച് അൽപം കഴിഞ്ഞാണ് കണ്ണുകൾ പ്രവർത്തനക്ഷമമാകുന്നത്. ബുദ്ധിയും മനസ്സും പ്രവർത്തിച്ചുതുടങ്ങാൻ പിന്നെയും കുറേക്കാലമെടുക്കുന്നു. ആദ്യം പ്രവർത്തിച്ചുതുടങ്ങുന്ന അവയവത്തിന് ഉത്തരവാദിത്വത്തിലും പ്രാഥമ്യം വേണമല്ലോ. അതുകൊണ്ട് പരലോകത്തിലെ വിചാരണയെപ്പറ്റി പറഞ്ഞപ്പോഴും അതേ സ്ഥാനക്രമം തന്നെ പാലിക്കപ്പെട്ടു.

രാപ്പകലുകളെന്നപോലെ പകലിരവുകളെന്നും സാമാന്യവ്യവഹാരത്തിലുണ്ട്. അഹർന്നിശം, അഹോരാത്രം തുടങ്ങിയ പ്രയോഗങ്ങളും സാധാരണമാണല്ലോ. പക്ഷേ, ഖുർആനിൽ രാത്രി (*ലൈൽ*) എപ്പോഴും പകലിന്റെ (*നഹാർ*) മുന്നിലാണ്. അതുപോലെ *നൂർ* (വെളിച്ചം) എല്ലായിടത്തും ഇരുട്ടിന്റെ (*ളുലുമാത്*) പിന്നിലാണ് വരുന്നത്. കാരണം വ്യക്തം. ഇരുട്ടാണാദ്യം. ആദി തമസ്സിനെപ്പറ്റി ശാസ്ത്രവും തത്ത്വചിന്തകരും പറയുന്നുണ്ട്. ആശയതലത്തിലും ഇതാണ് സത്യം. അവിദ്യക്ക് ശേഷമാണ് വിദ്യയുണ്ടാകുന്നത്. ശിശു ഗർഭത്തിലായിരിക്കെ ചുറ്റും ഇരുട്ട് മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രസവാനന്തരമാണത് വെളിച്ചം കാണുന്നത്. ജനിച്ചുവീഴുന്നത് ഒന്നും അറിഞ്ഞുകൂടാത്ത നിലയിലാണ്. അറിവും വിവേചനശക്തിയും പിന്നീട് ആർജിക്കുന്നതാണ്. ആയുസ്സിന്റെ ഒരു നിശ്ചിതഘട്ടം പിന്നിട്ടശേഷമാണ് എല്ലാ പ്രവാചകന്മാർക്കും ദിവ്യബോധനം ലഭിക്കുന്നത്. അഭ്യാസത്തിലൂടെ ആർജിച്ചെടുക്കുന്നതാണ് വിദ്യ. അവിദ്യയുടെ ഇരുട്ട് കാലം കൊണ്ട് തുടച്ചുമാറ്റിയാണ് ആരും പണ്ഡിതനായിത്തീരുന്നത്.

വെളിച്ചം (*നൂർ*) എപ്പോഴും ഏകവചനത്തിലാണ് ഖുർആനിൽ പരാമർശിക്കപ്പെടുന്നത്. ഇരുട്ട് (*ളുലുമാത്*) എപ്പോഴും ബഹുവചനത്തിലും. മുഹമ്മദ് റശീദ് രിദാ ഇതിന്റെ കാരണം വ്യക്തമാക്കുന്നതിങ്ങനെ

യാണ്: "*നൂർ* ഏകവചനമായും *ളുലുമാത്* ബഹുവചനമായുമല്ലാതെ ഖുർആനിൽ വന്നിട്ടില്ല. അതിന്റെ യുക്തിയിതാണ്: ഉറവിടം പലതുണ്ടാകാമെങ്കിലും വെളിച്ചം ഒന്നേയുള്ളൂ. അത് ചിലപ്പോൾ ശക്തികൂടിയതും ചിലപ്പോൾ ശക്തി കുറഞ്ഞതുമായിരിക്കുമെങ്കിലും. എന്നാൽ അതാര്യവസ്തുക്കൾ വെളിച്ചത്തെ തടയുന്നതുകൊണ്ട് ഇരുട്ട് നിരവധിയുണ്ടാകും. ഇപ്രകാരം ആത്മീയ വെളിച്ചവും ഒന്നേയുള്ളൂ. ആത്മീയാന്ധകാരം നിരവധിയുണ്ടാകും. സത്യം ഒന്നേ ഉണ്ടാകൂ. പലതുണ്ടാവില്ല. മറിച്ച്, അസത്യം ധാരാളമുണ്ടായിരിക്കും."

'ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു' എന്നാണ് ഖുർആന്റെ പ്രയോഗം. ആകാശം ഭൂമിക്കു മുമ്പിലാണ് എപ്പോഴും. അതുപോലെ സൂര്യൻ എപ്പോഴും ചന്ദ്രനു മുമ്പിലാണ്. ഇതിന്റെ ഔചിത്യം ചിന്തിച്ചാൽ മനസ്സിലാകും.

'വ്യഭിചരിച്ചവളെയും വ്യഭിചരിച്ചവനെ'യും (അന്നൂർ: 2) എന്ന് പറയുന്ന ഖുർആൻ 'കട്ടവളെയും കട്ടവനെ'യും എന്നല്ല, 'കട്ടവനെയും കട്ടവളെയും' (അൽമാഇദ: 38) എന്ന് പറയുന്നതിലുള്ള ഔചിത്യം ഏറെ ചിന്തനീയമാണ്. വ്യഭിചാരത്തിന്റെയും മോഷണത്തിന്റെയും ശിക്ഷയെപ്പറ്റി പരാമർശിക്കുമ്പോഴാണ് ഖുർആന്റെ അതീവസൂക്ഷ്മമായ ഈ പ്രയോഗം. ഇമാം സമഖ്ശരി പറയുന്ന കാരണമിതാണ്: വ്യഭിചാരക്കുറ്റത്തിന്റെ തുടക്കം സ്ത്രീയിൽനിന്നാണുണ്ടാകുന്നത്. പുരുഷനിൽ ആഗ്രഹം ജനിപ്പിക്കുന്നത് അവളാണ്. അവൾ സൂചന നൽകുകയും സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തതുകൊണ്ടാണ് പുരുഷനിൽ ആഗ്രഹം ജനിച്ചതും അവന് സൗകര്യപ്പെട്ടതും. തുടക്കം അവളിൽനിന്നായതുകൊണ്ട് ഖുർആൻ ആദ്യം അവളെ പരാമർശിച്ചു.

എന്നാൽ, മോഷണക്കുറ്റത്തിന് സ്ത്രീയേക്കാൾ തണ്ട് കാണിക്കുന്നത് പുരുഷന്മാരാണെന്നത് ഒരു യാഥാർഥ്യമാണ്. മോഷ്ടാക്കളും പിടിച്ചുപറിക്കാരും കവർച്ചക്കാരുമായ ആളുകളിൽ പുരുഷന്മാരാണല്ലോ അധികവും.

സ്ത്രീയുടെ വ്യഭിചാരത്തെയാണ് സമൂഹം ഗുരുതരമായി കാണാറുള്ളത്. പ്രത്യാഘാതങ്ങളും അതിനാണ് കൂടുതൽ. വ്യഭിചാരിണിയെ ആദ്യം പരാമർശിക്കാൻ ഇതും ഒരു കാരണമാകാം.

വാക്കുകളെ നക്ഷത്രങ്ങളാക്കുന്ന ആവിഷ്കാരവൈഭവത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഇത്തരം ഉദാഹരണങ്ങൾ ഖുർആനിലുടനീളമുണ്ട്. ഓരോ പാരായണത്തിലും പുതിയ ആഴങ്ങളും വെളിച്ചങ്ങളും പകർന്നുതരുന്ന നിത്യവിസ്മയമാക്കി ഖുർആനെ നിലനിർത്തുന്ന, അതിന്റെ എണ്ണമറ്റ സവിശേഷതകളിൽ ഒന്ന് മാത്രമാണിത്. ■

# ആയിരംനാവുള്ള മൗനങ്ങൾ

വാക്കുകൾ വിന്യസിച്ചുകൊണ്ടുമാത്രമല്ല, വിട്ടുകളഞ്ഞും ഖുർആൻ ആശയപ്രകാശനം നടത്തുന്നുണ്ട്. മൗനം എപ്പോഴും മൂകമാവണമെന്നില്ല. പലപ്പോഴും അത് വാചാലമാണ്. വാക്കുകൾകൊണ്ട് പറയാനാവാത്ത കാര്യങ്ങൾ മൗനം കൊണ്ട് ധ്വനിപ്പിക്കാൻ കഴിയും. വാചാലമായ മൗനത്തെക്കുറിച്ചും ആയിരം നാവുള്ള മൗനത്തെക്കുറിച്ചും സാഹിത്യകാരന്മാർ പറയാറുണ്ടല്ലോ. ഖുർആൻ തുടങ്ങുന്നതുതന്നെ ഇങ്ങനെയുള്ള വാചാലമായ ഒരു മൗനത്തോടുകൂടിയാണ്. *ബിസ്മില്ലാഹിർറഹ്മാനിർറഹീം* എന്ന പ്രാരംഭാധ്യായത്തിലെ പ്രാരംഭസൂക്തം നോക്കുക. 'കാരുണ്യവാരിധിയും ദയാനിധിയുമായ അല്ലാഹുവിന്റെ നാമം കൊണ്ട്' എന്നാണതിന്റെ അർഥം. നാമംകൊണ്ട് എന്ത് എന്നു പറയുന്നില്ല. വാക്യത്തിലെ ക്രിയാപദം വിട്ടുകളഞ്ഞുകൊണ്ട് അർഥപൂർണമായ മൗനം പാലിച്ചിരിക്കുകയാണ്. തുടങ്ങുന്നു എന്നോ ഓതുന്നു എന്നോ അത് പൂരിപ്പിക്കാം. പക്ഷേ, ഇത് ഖുർആൻ ഓതുമ്പോൾ മാത്രം പറയേണ്ട വാക്യമല്ല. മുസ്‌ലിംകൾ തിന്നുന്നതും അറവു നടത്തുന്നതും *ബിസ്മി* കൊണ്ടാണ്. നല്ല ഏത് കാര്യവും ബിസ്മികൊണ്ടാണ് ആരംഭിക്കേണ്ടത്. ഖുർആൻതന്നെ ഓതുക മാത്രമല്ലല്ലോ ചെയ്യാറുള്ളത്. അത് പഠിക്കുന്നു, മനഃപാഠമാക്കുന്നു, പകർത്തിയെഴുതുന്നു, തർജമചെയ്യുന്നു, വ്യാഖ്യാനിക്കുന്നു. ഇത്തരം ഏത് ക്രിയകൊണ്ടും ബിസ്മിയെ പൂരിപ്പിക്കാൻ കഴിയും. നേരത്തേതന്നെ ഒരു ക്രിയാപദം ചേർത്തിരുന്നുവെങ്കിൽ ഈ വിശാലത അതിന് കിട്ടുമായിരുന്നില്ല.

*ഹദ്ഫ്* എന്നാണ് ഖുർആനിലെ ഇത്തരം മൗനങ്ങൾക്ക് പറയുക. ഖുർആനികസാഹിത്യത്തിന്റെ സുപ്രധാനമായ ഒരു വശമായിട്ടാണ് *ഹദ്ഫുകൾ* കണക്കാക്കപ്പെടുന്നത്. ഇത്തരം ഓരോ വാചാലമൗനത്തിന്റെയും പിന്നിലുള്ള കാരണങ്ങളെയും ഉദ്ദേശ്യങ്ങളെയും അവയിലൊളിഞ്ഞിരിക്കുന്ന അർഥങ്ങളെയും കുറിച്ച് ഖുർആൻവ്യാഖ്യാതാക്കളും സാഹിത്യപടുക്കളും ചർച്ചചെയ്തിട്ടുണ്ട്. ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം ഇവിടെ കൊടുക്കുന്നു:

"മൂസാ തന്റെ ജനതയ്ക്കുവേണ്ടി വെള്ളം ആവശ്യപ്പെട്ട സന്ദർഭം. നാം പറഞ്ഞു: നിന്റെ വടികൊണ്ട് പാറയിൽ അടിക്കുക. അപ്പോളതിൽനിന്ന് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകി" (*അൽബഖറ:* 60). പാറയിൽ അടിക്കാൻ മൂസായോട് കൽപിച്ചപ്പോഴേക്കും ഉറവകൾ പൊട്ടിയൊഴുകുകയല്ല ഉണ്ടായത്. കൽപന അനുസരിച്ച് മൂസാ പാറയിൽ അടിച്ചപ്പോഴാണ് ഉറവ പൊട്ടിയത്. മൂസാ പ്രവാചകനായതുകൊണ്ട് അല്ലാഹുവിന്റെ കൽപന നടപ്പാക്കാതിരിക്കുകയില്ലെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാകയാൽ അടിച്ച കാര്യം പ്രത്യേകം എടുത്തുപറയേണ്ടതില്ല. അടിക്കാനുള്ള കൽപനയും ഉറവ പൊട്ടിയതും ഇടയ്ക്കൊരു വാക്കിന്റെ പോലും അന്തരമില്ലാതെ അടുപ്പിച്ച് പറഞ്ഞതിൽനിന്ന് അത്രയും വേഗത്തിലാണ് സംഭവം നടന്നതെന്ന് ധ്വനിക്കുന്നു. മൂസായുടെ അപ്പോഴത്തെ മാനസികാവസ്ഥയിലേക്ക് കൂടി അത് സൂചന നൽകുന്നു. വെള്ളം തീർന്നതിനുശേഷം ഇസ്രാഈൽമക്കൾ കടുത്ത ദാഹംകൊണ്ട് എരിപൊരി കൊള്ളുകയായിരുന്നു. അച്ചടക്കമില്ലാത്ത അവരുടെ ആക്ഷേപങ്ങളും ശകാരങ്ങളും കേട്ട് മൂസാ അങ്ങേയറ്റം അസ്വസ്ഥനായിരുന്നു. വെള്ളം കിട്ടാനുള്ള ഒരു മാർഗം അല്ലാഹു പറഞ്ഞുകൊടുക്കേണ്ട താമസം, അത് നടപ്പിലാക്കാൻ കാട്ടിയ ധൃതി എത്രമാത്രം മനോവ്യഥ അദ്ദേഹം അന്നേരം അനുഭവിച്ചിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

"നാം പറഞ്ഞു: നിങ്ങൾ രണ്ടുപേരും നിഷേധികളായ ആ ജനതയിലേക്ക് പോവുക. അങ്ങനെ അവരെ നാം നശിപ്പിച്ചുകളഞ്ഞു" (അൽഫുർഖാൻ: 36). നിഷേധികളായ ജനതയിലേക്ക് പോകാൻ പ്രവാചകന്മാരോട് കൽപിച്ച ഉടനെത്തന്നെ ആ ജനതയെ നശിപ്പിക്കുകയുണ്ടായില്ല. പ്രവാചകന്മാർ അവിടെ പോവുകയും പ്രബോധനം നടത്തുകയും ജനം അവരെ തള്ളിക്കളയുകയും തുടങ്ങി ഒരുപാട് സംഭവങ്ങൾ ഇടയ്ക്ക് നടക്കുന്നുണ്ട്. *ദമ്മർനാഹാ തദ്മീറാ* എന്ന വാക്യം അതികഠിനമായ ഒരു നശിപ്പിക്കലായിരുന്നു അതെന്ന് സൂചിപ്പിക്കുന്നുണ്ട്. എങ്കിൽ ആ ജനത എത്ര മാത്രം ധിക്കാരവും ദ്രോഹവും കാണിച്ചിട്ടുണ്ടാവണം? വാക്കുകളിലൊതുക്കുമ്പോൾ അതിന്റെ യഥാർഥ ഭയാനകത ചോർന്നുപോയേക്കാം. അതുകൊണ്ട് വായനക്കാരന്റെ ഭാവനയ്ക്ക് വിട്ടുകൊടുത്ത് വാചാലമായ മൗനം പാലിച്ചിരിക്കുകയാണ് ഖുർആൻ.

ഭാവനയ്ക്ക് പറന്നുനടക്കാൻ വിശാലമായ ചക്രവാളം നൽകുന്നു എന്നതാണ് ഇത്തരം മൗനങ്ങളുടെ പ്രയോജനം. ആലോചനാമൃതമായ പാരായണാനുഭവം അത് വായനക്കാർക്ക് നൽകുകയും ചെയ്യുന്നു. ■